**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** **11-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതരുടെ അന്തിമ ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തബാധിതർക്ക് സഹായം ലഭ്യമാക്കുന്നതിനായി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ പുനരധിപ്പിക്കേണ്ടവരുടെ അന്തിമ പട്ടിക 07/02/2025 പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം അന്തിമലിസ്റ്റിൽ 242 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ഫേസ് 2A കരട് ലിസ്റ്റ് - 22/02/2025 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കരട് 2A ലിസ്റ്റിൽ 81 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. 2A ലിസ്റ്റ് സംബന്ധിച്ച് പരാതികൾ സ്വീകരിച്ച് സബ് കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ - പഞ്ചായത്ത് ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലപരിശോധന നടത്തി. പരാതിക്കാരുടെ ഹിയറിംഗും പൂർത്തീകരിച്ചു. അവസാന ലിസ്റ്റ് DDMA ചേർന്ന് ഉടൻ തീർപ്പാക്കും. നോ-ഗോ സോണിന് പുറത്തായി സ്ഥിതി ചെയ്യുന്ന ദുരന്ത കാരണം ഒറ്റപ്പെട്ടു പോകുന്ന വീടുകളെ ഉൾപ്പെടുത്തിയുള്ള കരട് ഫേസ് 2B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള വീടുകൾ പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്താൻ 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം വയനാട് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2B ലിസ്റ്റിന്റെ കരട് പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുകയാണ്. |

| | | | |
|---|---|---|---|
| (ബി) | വയനാട് ദുരന്തബാധിതർക്ക് ദിവസംതോറും നൽകിക്കൊണ്ടിരുന്ന 300 രൂപ 2024 ഒക്ടോബർ മുതൽ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും ഇത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | നിർത്തലാക്കിയിട്ടില്ല. മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF -ൽ നിന്നും അനുവദിക്കുന്നതിനും ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള/ കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും 09.08.2024 ലെ സ.ഉ(സാധാ) നം.589/2024/ ഡി.എം.ഡി പ്രകാരം അനുമതി നൽകിയിരുന്നു. പിന്നീട് 23.10.2024 ലെ സ.ഉ(സാധാ)നം.814/2024/ഡി.എം.ഡി, 13.11.2024 ലെ സ.ഉ(സാധാ)നം.842/2024/ ഡി.എം.ഡി എന്നീ ഉത്തരവുകൾ പ്രകാരം ടി ധനസഹായം 60 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. ഇപ്രകാരം അനുവദിക്കുന്ന ധനസഹായം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും ദുരന്ത ബാധിധർക്ക് നിലവിൽ അനുവദിച്ചു വരുന്ന 300 രൂപ ബത്ത തുടർന്നും അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനം കൈകൊണ്ട് 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ